(ജി) ഇല്ല. ചീഫ് എക്സിക്യൂട്ടീവിന്റെ ആഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു.

(എച്ച്) തത്കാലം ഉദ്ദേശ്യമില്ല.

വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി

72 (237) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി 1998 ആഗസ്റ്റ് മാസം സമർപ്പിച്ച നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) ഇവരുടെ പ്രധാന ആവശ്യങ്ങളിൽ ഏതെല്ലാം സർക്കാർ പരിശോധിച്ചെന്നും ഇതിൽ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ;

(സി) വിശ്വകർമ്മ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിക്കുക. പെൻഷനും, ആനുകൂല്യങ്ങളും നൽകുക തുടങ്ങിയ ആവശ്യങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത നിവേദനം തൊഴിൽ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിശ്വകർമ്മ തൊഴിലാളികൾക്ക് കേരളാ കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാകാവുന്നതാണ്. പദ്ധതി വ്യവസ്ഥയനുസരിച്ചുള്ള എല്ലാ ആനുകൂല്യങ്ങളും ഇതിൽ അംഗത്വമുള്ള വിശ്വകർമ്മർക്കും നല്കി വരുന്നു. ഈ പദ്ധതിയിൽ അംഗമായി 5 വർഷം പൂർത്തിയാക്കിയ 60 വയസ്സുള്ള അംഗങ്ങൾക്ക് പ്രതിമാസം 100 രൂപ പെൻഷൻ നല്കുന്ന കാര്യം പരിഗണനയിലാണ്.

ഇ.എസ്.ഐ. റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിനുള്ള കാലതാമസം

73 (238) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. വ്യവസ്ഥ പ്രകാരം തൊഴിലാളികൾക്ക് റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(സി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) റീ ഇംപേഴ്സ്മെന്റിന് വേണ്ടി യഥാസമയങ്ങളിൽ ഫണ്ട് അനുവദിക്കാറുണ്ട്.

(സി) 21-10-1999-ന് ശേഷം 50,00,000 (അമ്പത് ലക്ഷം) രൂപ അനുവദിച്ചു കൊടുക്കുകയും ഡിസ്പെൻസറികളുടെ ആവശ്യകത അനുസരിച്ച് ഫണ്ടിന് അനുമതി നൽകുകയും ചെയ്തു. ഒരു റിവോൾവിംഗ് ഫണ്ടും കാലതാമസം ഒഴിവാക്കാനായി ഏർപ്പെടുത്തിയിട്ടുണ്ട്.

ഇ.എസ്.ഐ. തൊഴിലാളികൾക്കുള്ള മെഡിക്കൽ അഡ്വാൻസ്

74 (239) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. വ്യവസ്ഥ പ്രകാരം തൊഴിലാളികൾക്ക് മെഡിക്കൽ അഡ്വാൻസ് ഇനത്തിൽ എത്ര തുകയാണ് ഇപ്പോൾ നൽകുന്നത് ;

(ബി) തുക നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(സി) ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ആഫീസ് മുഖേന നേരിട്ട് തുക ആശുപത്രികളിൽ എത്തിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങളുടെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഡ്വാൻസിന് വേണ്ടിയുള്ള അപേക്ഷയോടൊപ്പം ഹാജരാക്കുന്ന രേഖകൾ അനുസരിച്ചുള്ള തുകയാണ് നൽകുന്നത്.

(ബി) തുക നൽകുന്നതിനുള്ള വ്യവസ്ഥകൾ താഴെപ്പറയുന്നു:-

1. അപേക്ഷകൻ ഇ.എസ്.ഐ.മെഡിക്കൽ ആനുകൂല്യങ്ങൾക്ക് അർഹനായിരിക്കണം. (ഇതിലേക്ക് ബന്ധപ്പെട്ട ഇ.എസ്.ഐ. ലോക്കൽ ആഫീസിൽ നിന്നും എന്റയിറ്റിൽമെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്)

2. അപേക്ഷ ബന്ധപ്പെട്ട ഇ.എസ്.ഐ, ഡിസ്പെൻസറി/ആശുപത്രി സൂപ്രണ്ട്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്സ് വകുപ്പു ഡയറക്ടർ എന്നിവർ ശുപാർശ ചെയ്തിരിക്കണം.

3. ബന്ധപ്പെട്ട ആശുപത്രികളിൽ നിന്നും ആവശ്യമായ ചികിത്സക്ക് വേണ്ടി വരുന്ന ഏകദേശ തുക കാണിക്കുന്ന എസ്റ്റിമേറ്റ് ലഭ്യമാക്കിയിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly